പ്രൊഫഷണൽ കോഴ്സുകളിൽ പിന്നോക്ക പട്ടിക സമുദായങ്ങളുടെ കുറവ്

95 (1783) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിൽ പിന്നോക്ക പട്ടിക സമുദായങ്ങളിൽപ്പെടുന്ന കുട്ടികൾക്കുള്ള അവസരങ്ങൾ കുറഞ്ഞ് വരുന്നത് സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിനെ സംബന്ധിച്ച് വിശദാംശം വ്യക്തമാക്കാമോ ;

(സി) വിദ്യാഭ്യാസ മേഖലയിൽ വരുത്തുന്ന പരിഷ്ക്കാരങ്ങൾ പിന്നോക്ക സമുദായങ്ങളിലെയും പട്ടികജാതി സമുദായങ്ങളിലെയും കുട്ടികൾക്ക് ആനുപാതിക പ്രാതിനിധ്യം ലഭിക്കുന്നതിന് തടസ്സമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ ആനുപാതികമായ തുല്യ അവസരങ്ങൾ പ്രസ്തുത സമുദായങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഇ) കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ ഓരോ പ്രൊഫഷണൽ കോഴ്സുകൾക്കും സംസ്ഥാനത്ത് എത്ര സീറ്റുകൾ വീതമാണുണ്ടായിരുന്നത് എന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇതിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഓരോ പ്രൊഫഷണൽ കോഴ്സിനും ലഭിച്ച പ്രാതിനിധ്യം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ;

(ജി) ഈ വർഷം ഓരോ പ്രൊഫഷണൽ കോഴ്സിനും സംസ്ഥാനത്തുള്ള സീറ്റുകൾ സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(എച്ച്) ഈ വർഷം സംസ്ഥാനത്തുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മതിയായ പ്രാതിനിധ്യം എല്ലാ മേഖലകളിലും ലഭ്യമാക്കാൻ എന്തൊക്കെ നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പിന്നോക്ക പട്ടിക സമുദായങ്ങളിൽ ഉൾപ്പെടുന്ന കുട്ടികളുടെ സംവരണം നിലവിലുള്ള നിയമപ്രകാരം തുടരുന്നുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ-ജി) അനുബന്ധം 1-ൽ പട്ടിക രൂപത്തിൽ ചേർത്തിട്ടുണ്ട്.*

(എച്ച്) നിലവിലുള്ള സംവരണതത്വം അനുസരിച്ച് പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ സീറ്റുകൾ എൻട്രൻസ് കമ്മീഷണർ നടത്തുന്ന അഡ്മിഷൻ നടപടികളിലൂടെ അവർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പിന്നോക്ക-പട്ടിക വിഭാഗ ക്ഷേമ വകുപ്പിന് അനുവദിക്കുന്ന തുക ലാപ്സാകുന്ന സ്ഥിതി

96 (1784) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പിൽ വർഷം തോറും അനുവദിക്കുന്ന ഫണ്ടിൽ ധാരാളം തുക ലാപ്സാകുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി ഓരോ വർഷവും വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ വരുന്നതിന്റെ പ്രധാനകാരണം ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പദ്ധതി വിഹിതം ട്രഷറികളിൽ നിന്നും മാറി ലഭിക്കുന്നതിനുള്ള നിയന്ത്രണമാണ്. കൂടാതെ പട്ടികവർഗ്ഗ വികസനത്തിന്റെ പ്രധാന പദ്ധതികളായ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും നിർമ്മാണ പ്രവർത്തനത്തിനുള്ള തുക വകയിരുത്തിയിരിക്കുന്നത് പൊതുമരാമത്ത് വകുപ്പ് വർക്സ് ബഡ്ജറ്റിലാണ്. നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി വളരെ സാവധാനത്തിൽ ആയതിനാൽ ഈ ശീർഷകങ്ങളിലെ ചെലവും താരതമ്യേന കുറവാണ്. ഇത് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിന്റെ മൊത്ത ചെലവിനത്തെ കുറച്ചു കാണിക്കുന്നു.

(ബി) പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പിന്നോക്ക ക്ഷേമത്തിനായി വകുപ്പ്

97 (1786) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക ക്ഷേമവകുപ്പ് എന്ന നിലയിൽ ഒരു വകുപ്പ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly